# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 12

**March 12** **2021**

**1196**കുംഭം 28വെള്ളി

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


**നിയമസഭാ തെരഞ്ഞെടുപ്പ്:**
**ചെലവ് നിരീക്ഷണ സ്‌ക്വാഡുകൾ സജ്ജം**

നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ചെലവ് നിരീക്ഷണ സ്‌ക്വാഡുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. വോട്ടർമാരെ സ്വാധീനിക്കാനുള്ള ശ്രമങ്ങൾ കണ്ടെത്തി തടയൽ, സി വിജിൽ ആപ്പ് വഴി ലഭിക്കുന്ന പരാതിയിൽ നടപടി സ്വീകരിക്കൽ, സോഷ്യൽ മീഡിയയിൽ വരുന്ന പെയ്ഡ് ന്യൂസ് ഉൾപ്പെടെയുള്ളവ നിരീക്ഷിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങളിലാണ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയത്.

മണ്ഡലങ്ങളിലെ ഫ്‌ളൈയിങ് സ്‌കാഡുകൾ, സ്റ്റാറ്റിക് സർവെയ്‌ലൻസ് ടീമുകൾ, വീഡിയോ സർവെയ്‌ലൻസ് ടീമുകൾ എന്നിവർക്കാണു പരിശീലനം നൽകിയത്. ചെക്ക് പോസ്റ്റിൽ പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പണം കൊണ്ട് പോകുന്ന വാഹനങ്ങളിൽ മതിയായ രേഖകൾ ഇല്ലെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ, ഏതൊക്കെ കാര്യങ്ങൾ സ്ഥാനാർഥിയുടെ ചെലവിൽ ഉൾപ്പെടുത്തണം തുടങ്ങിയ കാര്യങ്ങളെ കുറിച്ചും ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകി.

(നിയമസഭാ 92/21)

**തെരഞ്ഞെടുപ്പ് പ്രചാരണം;**
**ആകെ ചെലവാക്കാവുന്നത് 30.80 ലക്ഷം രൂപ**

നിയമസഭാ തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഭാഗമായി സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ഉപയോഗിക്കേണ്ടിവരുന്ന സാധന സാമഗ്രികളുടെ നിരക്ക് നിശ്ചയിച്ചു. ഇതനുസരിച്ചുള്ള തുക ഉൾപ്പെടുത്തിയാണ് തെരഞ്ഞെടുപ്പിന്റെ ചെലവു കണക്കുകൾ തയ്യാറാക്കേണ്ടത്.

എല്ലാ നിയോജക മണ്ഡലങ്ങളിലും നിയോഗിക്കപ്പെട്ടിട്ടുള്ള സ്‌ക്വാഡുകളുടെയും മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിട്ടറിംഗ് കമ്മിറ്റിയുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിന്റെ ചെലവ് നിരീക്ഷണ വിഭാഗം ഓരോ സ്ഥാനാർഥിയുടെയും ചെലവുകളുടെ കണക്ക്

തയ്യാറാക്കുന്നു ്. സ്ഥാനാർഥികൾ സമർപ്പിക്കുന്ന കണക്ക് ഇതുമായി ഒത്തുനോക്കിയശേഷമാണ് അംഗീകരിക്കുക.

സ്ഥാനാർഥികൾക്ക് പ്രചാരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ചെലവാക്കാവുന്ന പരമാവധി തുക 30,80,000 രൂപയാണ്. 10,000 രൂപ വരെയുള്ള സാമ്പത്തിക ഇടപാട് നേരിട്ട് നടത്താം. അതിന് മുകളിലുള്ള ഇടപാടുകൾ ചെക്ക് മുഖേന മാത്രമേ പാടുള്ളൂ. തെരഞ്ഞെടുപ്പ് ചെലവുകൾക്കു മാത്രമായി സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും പ്രത്യേക ബാങ്ക് അക്കൗ ് തുടങ്ങണം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തുക ചെലവഴിക്കുന്നത് ഈ അക്കൗ ് വഴിയാകണം. നിലവിലുള്ള അക്കൗ ് ഉപയോഗിക്കാൻ പാടില്ല. ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിൽ അക്കൗ ് തുറക്കാവുന്നതാണ്.

സ്ഥാനാർത്ഥികൾ ചെലവഴിക്കുന്ന തുകയുടെ വൗച്ചറുകൾ നിർബന്ധമായും സൂക്ഷിക്കുകയും വേണം. മറ്റ് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്ഥാനാർത്ഥികൾ സ്വീകരിക്കുന്ന പണത്തിന് രജിസ്റ്റർ സൂക്ഷിക്കണം. തെരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള തുകയിൽ അധികം പ്രചാരണത്തിനായി ചെലവഴിക്കാൻ പാടില്ല.

(നിയമസഭ 93/21)

**50,000 രൂപയിൽ കൂടുതൽ പണവുമായി**
**യാത്ര ചെയ്യുന്നവർ രേഖകൾ സൂക്ഷിക്കണം**

നിയമസഭ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ 50,000 രൂപയിൽ കൂടുതൽ പണവുമായി യാത്ര ചെയ്യുന്നവർ മതിയായ രേഖകൾ കൈവശം സൂക്ഷിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുടെ നിർദ്ദേശം. സ്ഥാനാർത്ഥികളുടെ ചിലവുകൾ നിരീക്ഷിക്കാൻ ജില്ലയിലെ ഒരു നിയോജക മണ്ഡലത്തിൽ മൂന്ന് ഫ്ളൈയിംഗ് സ്ക്വാഡ് ടീം, ര ് ആന്റി- ഡിഫേയ്സ്മെന്റ് ടീം, മൂന്ന് സ്റ്റാറ്റിക് സർവെയ്ലൻസ് ടീം, ഒരു വീഡിയോ ടീം എന്നിങ്ങനെ അഞ്ച് നിയോജക മണ്ഡലങ്ങളിലായി 45 ടീമുകളെ നിയോഗിച്ചിട്ടു ്.

എല്ലാ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡിൽ ര ് സായുധ പോലീസ് ഉദ്യോഗസ്ഥരും ഒരു വീഡിയോഗ്രാഫറും ഉ ാകും. സ്ഥാനാർഥി, ഏജന്റ്, പാർട്ടി പ്രവർത്തകർ തുടങ്ങിയവർ സഞ്ചരിക്കുന്ന വാഹനത്തിൽ മദ്യം, മയക്കുമരുന്ന്, ആയുധങ്ങൾ തുടങ്ങിയവ ക ത്തിയാലും പിടിച്ചെടുത്തു ജനപ്രാതിനിധ്യ നിയമപ്രകാരം നടപടി സ്വീകരിക്കും.

സ്ഥാനാർഥികളുടെ തെരഞ്ഞെടുപ്പു ചിലവുകൾ പരിശോധിക്കുന്നതിനു പുറമേ വോട്ടിനായി പണം നൽകുക, സഹായം നൽകുക, അനധികൃതമായ ആയുധം കൈവശം വയ്ക്കുക, മദ്യം വിതരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളും സ്ക്വാഡ് നിരീക്ഷിക്കും. അനധികൃതവും ചട്ടവിരുദ്ധവുമായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഫോട്ടോ രൂപത്തിലോ, ശബ്ദ സന്ദേശങ്ങളിലൂടെയോ, വീഡിയോ രൂപത്തിലോ പൊതുജനങ്ങൾക്ക് സി-വിജിൽ മുഖേന പരാതികൾ സമർപ്പിക്കാം.

പരാതികൾ പരിശോധിച്ച് നടപടി എടുക്കുന്നതിന് കലക്ടറേറ്റിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടു ്. 91 94007 27980 എന്നീ ഫോൺനമ്പറുകളിലൂടെയും mccpta21@gmail.comഎന്ന മെയിൽ ഐഡിയിലൂടെയും പരാതികൾ അറിയിക്കാം.

(നിയമസഭ 94/21)

**തെരഞ്ഞെടുപ്പ്: നിർദ്ദേശങ്ങൾ പാലിച്ച് ജാഥകൾ സംഘടിപ്പിക്കണം**
**കോലം കത്തിച്ചാൽ പെരുമാറ്റച്ചട്ട ലംഘനം**

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജാഥ സംഘടിപ്പിക്കുന്ന ഒരു പാർട്ടിയോ സ്ഥാനാർഥിയോ ജാഥ തുടങ്ങുന്നതിനുള്ള സമയവും സ്ഥലവും, പോകേ വഴിയും ജാഥ അവസാനിക്കുന്ന സമയവും സ്ഥലവും മുൻകൂട്ടി തീരുമാനിച്ച് ബന്ധപ്പെട്ടവരിൽ നിന്ന് അനുവാദം വാങ്ങണം എന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ പെരുമാറ്റച്ചട്ട നിബന്ധന.

മുൻകൂട്ടി നിശ്ചയിച്ച പരിപാടിയിൽ മാറ്റം വരുത്താൻ പാടുള്ളതല്ല. കോവിഡ് മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചാകണം രാഷ്ട്രീയ പാർട്ടികൾ ജാഥകളും യോഗങ്ങളും നടത്തേ ത്. സാമൂഹ്യ അകലം പാലിച്ചും കൈകൾ സാനിറ്റൈസ് ചെയ്തും മാസ്ക് ധരിച്ചും പരിപാടികൾ സംഘടിപ്പിക്കണം. പരിപാടിയെപ്പറ്റി പോലീസ് അധികാരികളെ സംഘാടകർ മുൻകൂട്ടി വിവരം

അറിയിക്കണം. ജാഥ പോകേ  പ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിരോധന ഉത്തരവുകൾ പ്രാബല്യത്തിലു േ ായെന്ന് സംഘാടകർ അന്വേഷിച്ച് നിരോധനങ്ങൾ ഉ  ങ്കിൽ അവ പാലിക്കണം.

ഗതാഗത തടസം ഉ  ാകാത്തവിധം ജാഥയുടെ ഗതി നിയന്ത്രിക്കാൻ സംഘാടകർ മുൻകൂട്ടി നടപടികൾ സ്വീകരിക്കണം. ജാഥ കടന്ന് പോകുന്ന റോഡുകളിലും പ്രധാന ജംഗ്ഷനുകളിലും ഗതാഗത തടസമു  ാക്കാൻ പാടുള്ളതല്ല. ജാഥകൾ കഴിയുന്നിടത്തോളം റോഡിന്റെ വലതു വശത്ത് ക്രമപ്പെടുത്തേ  തും പോലീസിന്റെ നിർദേശവും ഉപദേശവും കർശനമായി പാലിക്കേ  തുമാണ്.

മറ്റു രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങളെയോ അവരുടെ നേതാക്കളെയോ പ്രതിനിധാനം ചെയ്യുന്ന കോലങ്ങൾ കൊ  ുപോകുന്നതിനും പരസ്യമായി അവ കത്തിക്കുന്നതും അനുവാദമല്ല. ഇങ്ങനെയുള്ള പ്രകടനങ്ങൾ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോ സ്ഥാനാർഥിയോ നടത്തിയാൽ അത് പെരുമാറ്റച്ചട്ട ലംഘനമായി കണക്കാക്കും.

ര േ ാ അതിലധികമോ രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർഥികളോ ഏകദേശം ഒരേ സ മയത്തുതന്നെ ഒരേ വഴിയിലൂടെയോ അതിന്റെ ഭാഗങ്ങളിലൂടെയോ ജാഥ നടത്തുന്നു ങ്കിൽ സംഘാടകർ മുൻകൂട്ടി പരസ്പരം ബന്ധപ്പെടേ താണ്. ജാഥകൾ തമ്മിലുള്ള സംഘട്ടനം ഒഴിവാക്കുന്നതിനും ഗതാഗത തടസം സൃഷ്ടിക്കാതിരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ഇതിനായി നേരത്തെ തന്നെ പാർട്ടികൾ പോലീസുമായി ബന്ധപ്പെടണം. സംഘർഷാവസ്ഥയ്ക്ക് കാരണമാകുന്ന സാധന സാമഗ്രികൾ ഒന്നുംതന്നെ ജാഥയിൽ പങ്കെടുക്കുന്നവർ ഉപയോഗിക്കാൻ പാടുള്ളതല്ല.

(നിയമസഭാ 95/21)

## അസാപ് കേരളയിൽ വിവിധ കോഴ്സുകൾ

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരള, തൊഴിൽ അന്വേഷകർക്കായി വ്യത്യസ്ത തലങ്ങളിലുള്ള സ്കിൽ കോഴ്സുകൾ വിഭാവനം ചെയ്യുന്നു. ജില്ലയിലെ വിവിധ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലായി 13 സ്കിൽ കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. 150 മണിക്കൂർ ഇന്റേൺഷിപ്പും, 100 ശതമാനം പ്ലേസ്മെന്റും ഉറപ്പാക്കുന്ന വിവിധ കോഴ് സുകൾ താഴെ പറയുന്ന സ്കൂളുകളിൽ നടക്കും. കൂടൽ ജി.വി.എച്ച്.എസ്.എസ് – ഫോൺ: 9495999738, 9495999649,റാന്നി ജി.എച്ച്.എസ് – ഫോൺ: 9495219570, 9495999649, പത്തനംതിട്ട തൈക്കാവ് ജി.എച്ച്.എസ് – ഫോൺ: 9495999770, 9495999649, കടപ്ര കെ.എസ്.ജി.എച്ച്.എസ്.എസ് – ഫോൺ: 9495999717, 9495999649, അടൂർ ജി.ജി.എച്ച്.എസ്.എസ് – 9495924889, 9495999649.

(പിഎൻപി 917/21)



കേരളസർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

മാർച്ച് 12

March 12 2021

1196കുംഭം 28വെള്ളി

പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**തപാൽ ബാലറ്റ് സംവിധാനം സുഗമമാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു**

ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശപ്രകാരം, എവിഎസ്സി (ആബ്സന്റീ വോട്ടർ സീനിയർ സിറ്റിസൺ), എവിപിഡി (വൈകല്യമുള്ള വോട്ടർ വ്യക്തി), എവിസിഒ (ആബ്സെന്റി വോട്ടർ കോവിഡ്) എന്നിങ്ങനെയുള്ള മൂന്ന് കാറ്റഗറികളിലെ ആബ്സെന്റി വോട്ടർമാരുടെ വോട്ടുകൾ ഉറപ്പാക്കാൻ തപാൽ ബാലറ്റ് സംവിധാനം സുഗമമാക്കുന്നതിനായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ ഡോ. നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി ഉത്തരവ് പുറപ്പെടുവിച്ചു. ആബ്സെന്റി വോട്ടർമാരിൽ നിന്ന് ഫോറം 12 ഡി വിതരണം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും ബിഎൽഒമാരെ നിയോഗിച്ചിട്ടു ന്ന് ഉത്തരവിലെ നിർദേശങ്ങളിൽ പറയുന്നു.

ഈ നിർദേശങ്ങൾ സുഗമമായി നടപ്പാക്കുന്നതിനായി നിലവിൽ ജില്ലയിൽ ബൂത്ത് ലെവൽ ഓഫീസറായി (ബിഎൽഒ) ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് മാർച്ച് 17 വരെ പ്രവർത്തന ക്രമീകരണ അടിസ്ഥാനത്തിൽ ഫോറം നമ്പർ 12 ഡി, രസീത് എന്നിവ തിരികെ നൽകാനും സ്വീകരിക്കാനും ചുമതലപ്പെടുത്തിയിരിക്കുന്നു. എല്ലാ ബിഎൽഒമാരും ബന്ധപ്പെട്ട ഇആർഒയുമായി ബന്ധപ്പെടാൻ നിർദ്ദേശിച്ചിട്ടു ്. ഇക്കാര്യത്തിൽ ഇആർഒമാരുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കണം. ബന്ധപ്പെട്ട ഇആർഒമാർക്ക് ബിഎൽഒമാർ മതിയായതും ഉചിതമായതുമായ നിർദേശങ്ങൾ നൽകാൻ ഉത്തരവിൽ പറയുന്നു.

(നിയമസഭ 96/21)

**ജില്ലയിലെ തെരഞ്ഞെടുപ്പ് നിരീക്ഷകർ**

നിയമസഭാ തെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകരെ നിയോഗിച്ചു. പൊതു നിരീക്ഷകരായി ഐ.എ.എസ് ഉദ്യോഗസ്ഥരും ചിലവ് നിരീക്ഷകരായി ഐ.ആർ.എസ് ഉദ്യോഗസ്ഥരുമാണ് സേവനമനുഷ്ഠിക്കുക.

ജില്ലയ്ക്ക് പൊതുവായി ഐ.പി.എസ് കാരനായ ഒരു പോലീസ് നിരീക്ഷകനും ഒരു ചിലവ് നിരീക്ഷകനുമാണുള്ളത്.

**നിരീക്ഷകരുടെ പേരുവിവരം ചുവടെ**

***പൊതു നിരീക്ഷകര്‍***: സുരേഷ് കുമാര്‍ വഷിഷ്ഠ്:-തിരുവല്ല, ആറന്മുള, അടൂര്‍ നിയോജക മണ്ഡലങ്ങളിലെ പൊതുനിരീക്ഷകന്‍. 1998 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥനാണ്.

ഡോ.എം.എസ്.രേണു എസ് ഫുല്ല:- റാന്നി, കോന്നി നിയോജക മണ്ഡലങ്ങളുടെ പൊതു നിരീക്ഷക. 2003 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥയാണ്.

***പോലീസ് നിരീക്ഷകന്‍ –*** അശുതോഷ് കുമാര്‍. ഐ.പി.എസ്ഉദ്യോഗസ്ഥനാണ്.

***ചിലവ് നിരീക്ഷകന്‍ –*** സ്വരൂപ് മന്നവ. ഐ.ആര്‍.എസ് ഉദ്യോഗസ്ഥനാണ്.

(നിയമസഭ 97/21)

## പ്രചാരണ വസ്തുക്കളുടെ വിലനിലവാരം പ്രസിദ്ധീകരിച്ചു

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി സ്ഥാനാര്‍ത്ഥി/രാഷ്ട്രീയ പാര്‍ട്ടികളുടെ തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രചാരണ വസ്തുക്കളുടെ വില നിലവാരം പ്രസിദ്ധീകരിച്ചു. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസര്‍കൂടിയായ ജില്ല കളക്ടര്‍ ഡോ. നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡിയുടെ അധ്യക്ഷതയില്‍ ചേര്‍ന്ന യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനമായത്.

ഓഡിയോ സോങ്ങ് റെക്കോര്‍ഡിങിന് (സോളോ )11,000 രൂപ, ഓഡിയോ സോങ്ങ് റെക്കോര്‍ഡിങിന് (ഡ്യൂറ്റ്) 15,000 രൂപ, എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ഓഡിറ്റോറിയം (500 പേര്‍ക്ക് ഇരിക്കാവുന്നത്) എസി ഇല്ലാത്തത് 20,000 രൂപ, എസി 40,000 രൂപ (500 പേര്‍ക്ക് ഇരിക്കാവുന്ന ത്.), ബാന്‍ഡ് സെറ്റ് ഒരാള്‍ക്ക് 1000 രൂപ, ബാരിക്കേഡുകള്‍ മീറ്ററിന് 700 രൂപയുമാണ് നിരക്ക്. കാര്‍പെറ്റ് സ്ക്വയര്‍ ഫീറ്റിന് എട്ട് രൂപ, കസേര ഒന്നിന് എട്ട് രൂപ, തുണി ബാനര്‍ സ്ക്വയര്‍ ഫീറ്റിന് 27 രൂപ, തുണി കൊ ുള്ള കൊടി ഒന്നിന് 22 രൂപ, വാഹന വാടക -50 കിലോമീറ്ററിന് ഏഴ് സീറ്റിന് 2500 രൂപ, 16 സീറ്റിന് 4400 രൂപ, 17-30 സീറ്റിന് 5500 രൂപ, പ്രധാന ക്യാംപയിന്‍ ഓഫീസിന്റെ നിര്‍മാണത്തിന് 6600 രൂപ, കട്ട് ഔട്ട് (തുണി) സ്ക്വയര്‍ ഫീറ്റിന് 25 രൂപ, കട്ട് ഔട്ട് (തടി) സ്ക്വയര്‍ ഫീറ്റിന് 125 രൂപ.

ഡ്രോണ്‍ ക്യാമറ മണിക്കൂറിന് 3000 രൂപ, അല്ലെങ്കില്‍ ഒരു ദിവസത്തേക്ക് 8000 രൂപ, ഇലക്ഷന്‍ കമ്മിറ്റി ബൂത്തിന് 3000 രൂപ, കിയോസ്ക് സ്ഥാപിക്കുന്നതിന് 4000 രൂപ, പെഡസ്ട്രല്‍ ഫാന്‍ ഒരു ദിവസത്തേക്ക് 144.67 രൂപ, ജി.ഐ.ബി. ക്യാമറ ഒരു ദിവസത്തേക്ക് 10,000 രൂപ, തോരണം ഒരടിക്ക് അഞ്ച് രൂപ, പന്തലിന് ഒരു സ്ക്വയര്‍ ഫീറ്റിന് പത്ത് രൂപ (അലങ്കാരമില്ലാതെ),അലങ്കരിച്ച പന്തലിന് സ് ക്വയര്‍ഫീറ്റിന് 12 രൂപ, ലൗഡ്സ്പീക്കര്‍ ആംപ്ലിഫയര്‍ മൈക്രോഫോണ്‍ എന്നിവയ്ക്ക് ഒരു ദിവസത്തേക്ക് 2750 രൂപ, എല്‍.ഇ.ഡി. / എല്‍ സി.സി ടി. വി. ഡിസ്പ്ലേ - സ്ക്വയര്‍ ഫീറ്റിന് 200 രൂപ, മൊബൈല്‍ എസ്.എം.എസ് ഒരു സന്ദേശത്തിന് ഒരു പൈസ, സ്റ്റിക്കറുള്ള കുട ഒന്നിന് 120 രൂപ, നെറ്റിപ്പട്ടത്തിന് 1000 രൂപ, നോട്ടീസ്- 1000 എണ്ണത്തിന് 750 രൂപ,

പോസ്റ്റര്‍ (1000 എണ്ണത്തിന് ) ഡെമ്മി 2750 രൂപ, ഡബിള്‍ ഡമ്മി 6600 രൂപ, പ്ലക്കാര്‍ഡിന് 30 രൂപ, എഴ് പേര്‍ക്ക് ഇരിക്കാവുന്ന സ്റ്റേജിന് 5800 രൂപ, 15 പേര്‍ക്കുള്ളതിന് 8000 രൂപ, 20 പേര്‍ക്കുള്ളതിന് 10000 രൂപ, സ്ഥാനാര്‍ത്ഥികളുടെ പേരും ചിഹ്നവും അടങ്ങിയ മാസ്കിന് 30 രൂപ, മുച്ചക്രവാഹനത്തിന് ബാറ്റ ഉള്‍പ്പടെ 50 കിലോമീറ്ററിന് 1400 രൂപ, വാഹന പ്രചാരണം സ്റ്റേജില്‍ സജ്ജീകരിക്കുന്നതിന് ഒരു ദിവസത്തേക്ക് സ്ക്വയര്‍ ഫീറ്റിന് 5600 രൂപ, മുത്തുക്കുട ഒരു ദിവസത്തേക്ക് ഒന്നിന് 60 രൂപ, ഹോര്‍ഡിങ്സ് സ്ക്വയര്‍ഫീറ്റിന് 80 രൂപ, കൊടി സ്ക്വയര്‍ ഫീറ്റിന് 27 രൂപ, സോഫ ഒരു ദിവസം 600 രൂപ, മേശ ഒന്നിന് 25 രൂപ, പോഡിയം ഒരു ദിവസം 300 രൂപ, ഹാള്‍ റെന്റ് 3300 രൂപ, തു ണിത്തൊപ്പി ക്വാളിറ്റി കുറഞ്ഞതിന് 50 രൂപ, ക്വാളിറ്റി കൂടിയതിന് 100 രൂപ, പേപ്പര്‍ തൊപ്പി അഞ്ച് രൂപ, 1000 ലഘുലേഖയ്ക്ക് 750 രൂപ.

നിയമസഭ തെരഞ്ഞെടുപ്പില്‍ രാഷ്ട്രീയ പാര്‍ട്ടികളുടെയും സ്ഥാനാര്‍ത്ഥികളുടെയും തെരഞ്ഞെടുപ്പ് ചെലവ് വിലയിരുത്തുന്നതിന് ഈ നിരക്കുകളാണ് തെരഞ്ഞെടുപ്പ് കമ്മീഷന്‍ ഉപയോഗിക്കുക.

## പകർച്ചവ്യാധി പ്രതിരോധം: ജില്ലയിൽ ആരോഗ്യ ജാഗ്രത ക്യാമ്പയിൻ നടത്തുന്നു

പകർച്ചവ്യാധി പ്രതിരോധത്തിന്റെയും മഴകാല പൂർവ്വ ശുചീകരണത്തിന്റെയും ഭാഗമായി പത്തനംതിട്ട ജില്ലയിൽ ആരോഗ്യ ജാഗ്രത പരിപാടി നടത്തുന്നു. പരിപാടിയുടെ ഭാഗമായി 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന ക്യാമ്പയിൻ ജില്ലയിൽ നടത്തും. ക്യാമ്പയിനുമായി ബന്ധപ്പെട്ട ജില്ലാതല കോർകമ്മറ്റി യോഗം ചെയർമാനും ജില്ലാ കളക്ടറുമായ ഡോ.നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗരുമായി ഓൺലൈനായി ചേർന്നു.

തദേശ സ്ഥാപനാടിസ്ഥാനത്തിലും വാർഡ് തലത്തിലുമുള്ള സമിതികൾ യഥാസമയം പൊതുജന പങ്കാളിത്തത്തോടെ ചേർന്ന് ശുചിത്വ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് ജില്ലാ കളക്ടർ യോഗത്തിൽ പറഞ്ഞു. കൊതുക് നിർമാർജന യജ്ഞം ഊർജിതമാക്കണമെന്നും ജല ശ്രോതസുകളും തോടുകളും ഓടകളും ശുചീകരിക്കണമെന്നും കളക്ടർ നിർദേശിച്ചു. റബർ തോട്ടങ്ങളിലെ ചിരട്ടകളിൽ കൊതുക് വളരുന്നത് ഒഴിവാക്കാൻ അവ കമഴ്ത്തി വയ്ക്കണമെന്നും ആഴ്ചയിൽ ഒരു ദിവസം ശുചീകരണത്തിനായി ഡ്രൈ ഡേ ആചരിക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

### ക്യാമ്പയിന്റെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ

വീടും സ്ഥാപനങ്ങളും പൊതുഇടങ്ങളും മാലിന്യ മുക്തമാക്കി പകർച്ച വ്യാധികളെ തടയുക. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക. ഹരിത കർമ്മസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാതിൽപ്പടി ശേഖരണം നടത്തുക. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക. ഡ്രൈ ഡേ ആചരിക്കുന്നതിലൂടെ 'കൊതുക് വിമുക്ത വീടുകൾ' എന്ന ആശയം നടപ്പിലാക്കുക.

### *ക്യാമ്പയിൻ ആസൂത്രണം ഇങ്ങനെ*

50 വീടുകളെ/സ്ഥാപനങ്ങളെ ഒരു ക്ലസ്റ്റർ ആക്കി മാറ്റി ഓരോ ക്ലസ്റ്ററിനും നാല് അംഗങ്ങൾ വീതമുള്ള ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും മൈക്രോ ലെവൽ കർമ്മ പരിപാടികളും വാർഡ് തലത്തിൽ ഏറ്റെടുക്കണം. വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ നേതൃത്വത്തിൽ ഹരിത കർമ്മ സേന പ്രവർത്തകരെ സംഘടിപ്പിച്ച് ക്യാമ്പയിൻ ഏറ്റെടുക്കണം. തദ്ദേശ സ്ഥാപനതലത്തിൽ ഇത് ഏകോപിപ്പിക്കണം. തദ്ദേശസ്ഥാപന അധ്യക്ഷന്മാർ ചെയർമാന്മാരായും മെഡിക്കൽ ഓഫീസർമാർ കൺവീനറായുമുള്ള ആരോഗ്യ ജാഗ്രതാ സമിതികളിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഏകോപനം ഉറപ്പുവരുത്തുകയും വേണം.

### ഇതര വകുപ്പുകളും അവയുടെ പ്രധാന ചുമതലകളും

***തദ്ദേശ സ്വയംഭരണ വകുപ്പ്:*** പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വാർഡ്തല / തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതികളുടെ ആസൂത്രണം, നിർവഹണം, അവലോകനം, ഫ്ളെക്സ് നിരോധനം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം എന്നിവ ഫലപ്രദമായി നടപ്പിലാക്കുക.

***ആരോഗ്യ വകുപ്പ്:*** രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന / പ്രതിവാര റിപ്പോർട്ടുകൾ വിശകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി ക ുപിടിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ. പകർച്ച വ്യാധികൾ കൂടുതലുള്ള സീസണിൽ പനി വാർഡ്, ഔട്ട് റീച്ച് ക്ലിനിക്ക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സജ്ജീകരിക്കൽ. ഹൈ റിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മ പരിപാടികൾ. മഴക്കാല പൂർച്ച ശുചീകരണം, കൊതുക് നിയന്ത്രണം, ജല ശുദ്ധീകരണം, പ്രതിവാര ഡ്രൈ ഡേ ആചരണം തുടങ്ങിയവയ്ക്ക് ഇതര വകുപ്പുമായി ചേർന്ന് പ്രവർത്തിക്കാൻ ക്യാമ്പയിൻ സംഘടിപ്പിക്കുക,

ഫീൽഡ്തല സ്ക്വാഡുകൾ രൂപീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും ജന പ്രതിനിധികൾക്കും മറ്റുള്ളവർക്കും ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക.

***വിദ്യാഭ്യാസ വകുപ്പ്:*** ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ, എസ്.എസ്.എ ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി പരിശീലകർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിനെക്കുറിച്ച് അവബോധം നൽകുക. സ്കൂൾ തലത്തിൽ മാലിന്യ പരിപാലനം അടക്കമുള്ള ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പുതിയ അക്കാഡമിക് വർഷത്തേയ്ക്കുള്ള പ്ലാൻ തയ്യാറാക്കുക.

***കൃഷി വകുപ്പ്:*** രോഗ പ്രതിരോധ നിയന്ത്രണ കാര്യങ്ങളെക്കുറിച്ച് കർഷകർക്കിടയിലും ക്ഷീര കർഷകർക്കിടയിലും അവബോധമു ാക്കുക. കുഴി കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാൻറുകൾ തുടങ്ങിയ മാലിന്യ സംസ്കരണ മാർഗങ്ങൾ പ്രോൽസാഹിപ്പിക്കുക. കൃഷിത്തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ നഴ്സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ലെന്നു ഉറപ്പുവരുത്തുക.

***സാമൂഹ്യ നീതി വകുപ്പ്:*** ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ തുടങ്ങിയവരേയും വോളന്റിയമാരേയും സൂപ്പർവൈസർമാരേയും നിയോഗിക്കുക. അങ്കണവാടി വർക്കർമാരുടെ നേതൃത്വത്തിൽ ക്ലാസുകളും ബോധവൽക്കരണവും നടത്തുക. അങ്കണവാടികളിലും മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തുക.

***മൃഗ സംരക്ഷണം, ക്ഷീര വികസന വകുപ്പുകൾ:*** ജന്തുജന്യ രോഗ പ്രതിരോധത്തിനാവശ്യമായ ബോധവൽക്കരണം ക്ഷീര കർഷകർക്ക് നൽകുക.

***പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകൾ:*** ഓടകൾ, കനാലുകൾ, ജലസംഭരണികൾ തുടങ്ങിയ ശ്രോതസുകളിൽ മാലിന്യ നിർമ്മാർജനം നടത്തുക.

***ജല അതോറിറ്റി/ജല വിഭവം വകുപ്പ്:*** ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക.

***തൊഴിൽ വകുപ്പ്:*** ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നുതും എന്ന് ഉറപ്പ് വരുത്തുക.

***ശുചിത്വ മിഷൻ:*** ഗ്രീൻ പ്രോട്ടോക്കോൾ പ്രചരിപ്പിക്കുക. പ്ലാസ്റ്റിക്ക് നിരോധനം, ഫ്ളെക്സ് നിരോധനം എന്നിവ ഫലപ്രദമായ നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കൽ.

***ഹരിത കേരളം മിഷൻ:*** ജില്ലാടിസ്ഥാനത്തിൽ ഏകോപനം നടത്തുക.

***കുടുംബശ്രീ മിഷൻ:*** മാലിന്യമുക്ത അയൽക്കൂട്ട കുടുംബ പരിസരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക. അജൈവ മാലിന്യ ശേഖരണം നീക്കം ചെയ്യൽ, പുന:ചംക്രമണം. ഓരോ അയൽക്കൂട്ട കുടുംബവും ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് സംഭരിച്ച് കൈമാറുന്നതിലൂടെ മാലിന്യ മുക്ത പരിസരം ഉറപ്പാക്കണം. അയൽക്കൂട്ട ഭാരവാഹികളുടെ നേതൃത്വത്തിൽ ഓരോ വീടും സന്ദർശിച്ച് വിലയിരുത്തണം.

***പോലീസ് വകുപ്പ്:***പൊതുജലാശലത്തിലോ ജല മാർഗ്ഗത്തിലോ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക. പ്ലാസ്റ്റിക്ക് നിരോധനം, ഫ്ളെക്സ് നിരോധനം എന്നിവ നടപ്പിലാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.

ക്യാമ്പയിനുമായി ബന്ധപ്പെട്ട ജില്ലാതല കോർകമ്മറ്റി യോഗത്തിൽ ആരോഗ്യ വകുപ്പ് ഡിസ്ട്രിക്റ്റ് സർവെയ്ലൻസ് ഓഫീസർ ഡോ.അജിത, ശുതിത്വ മിഷൻ ജില്ലാ കോ- ഓർഡിനേറ്റർ കെ.ഇ വിനോദ്കുമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ബി. അനിൽകുമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായ

ത്ത് എസ്.ശ്രീകുമാർ, കുടുംബശ്രീ കോ–ഓർഡിനേറ്റർ എ. മണികണ്ഠൻ, ഹരിത കേരളം മിഷൻ കോ–ഓർഡിനേറ്റർ ആർ.രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഡിസി മീറ്റിംഗ്:–*** പകർച്ചവ്യാധി പ്രതിരോധത്തിന്റെയും മഴകാല പൂർവ്വ ശുചീകരണത്തിന്റെയും ഭാഗമായി പത്തനംതിട്ട ജില്ലയിൽ നടത്തുന്ന ആരോഗ്യ ജാഗ്രത കാമ്പയിനിന്റെ ഭാഗമായി ജില്ലാ കളക്ടർ ഡോ.നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി വിവിധ വകുപ്പ് ഉദ്യോഗരുമായി ഓൺലൈനായി യോഗം ചേർന്നപ്പോൾ.

(പിഎൻപി 917/21)

## അപേക്ഷ ക്ഷണിച്ചു

ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ യിൽ പി.എം.കെ.വി.വൈ സൗജന്യ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രവേശനം ആഗ്രഹിക്കുന്നവർ nimionlineadmission.in/pmkvyഎന്ന വെബസൈറ്റിൽ രജിസ്റ്റർ ചെയ്യുകയോ ഫോട്ടോ സഹിതം നേരിട്ട് ഐ.ടി.ഐ യിൽ ഹാജരാവുകയോ ചെയ്യണം. കോഴ്സുകൾക്ക് ഫീസ് ഈടാക്കില്ല.ഓഫീസ് ഓപ്പറേഷൻ എക്സിക്യൂട്ടീവ് യോഗ്യത: പ്ലസ് ടു, ഓട്ടോമോട്ടീവ് സർവീസ് ടെക്നീഷ്യൻ യോഗ്യത: പത്താംക്ലാസ്. അപേക്ഷ സമർപ്പിക്കേ അവസാന തീയതി ഈ മാസം 15. ഫോൺ നമ്പർ: 0479 2452210, 2453150, 9747641575.

(പിഎൻപി 918/21)






# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 12<br>**March 12** | **2021** |
|---|---|

**1196**കുംഭം 28വെള്ളി

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**നിയമസഭ തെരഞ്ഞെടുപ്പ്:**
**ഓഫീസുകൾഇന്നും നാളെയും**
**തുറന്നു പ്രവർത്തിക്കും**

നിയമസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ്ഡ്യൂട്ടിക്ക് നിയമിച്ച ജീവനക്കാരുടെ നിയമന ഉത്തരവ്കൈപ്പറ്റുന്നതിനായിജില്ലയിലെഎല്ലാസർക്കാർഓഫീസുകൾ/സ്കൂളുകൾ/ബാങ്കുകൾഎന്നിവഇന്നും നാളെയും(മാർച്ച് 13, 14) തുറന്നു പ്രവർത്തിക്കുമെന്ന് പത്തനംതിട്ട ജില്ലാ ഇലക്ഷൻ ഡെപ്യൂട്ടികളക്ടർഅറിയിച്ചു.

(നിയമസഭാ 99/21)

**ലൈസൻസുള്ളആയുധങ്ങൾ സറ ർചെയ്യണം**

നിയമസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ലൈസൻസുള്ള ആയുധങ്ങൾ സറ ർചെയ്യുന്നതിന് ആയുധ ഉടമകൾക്ക് നോട്ടീസ് നൽകുമെന്ന്ജില്ലാകളക്ടർഅറിയിച്ചു. ജില്ലാതെരഞ്ഞെടുപ്പ്ഓഫീസർകൂടിയായജില്ലാകളക്ടറുടെ അധ്യക്ഷതയിൽചേർന്ന സ്ക്രീനിംഗ് കമ്മിറ്റി യോഗത്തിലാണ്തീരുമാനം

(നിയമസഭാ 100/21)

**ഭിന്നശേഷിക്കാർക്ക്വേ ിമെഡിക്കൽബോർഡ്ചേരുന്നു**

2021 ലെ നിയമസഭാഇലക്ഷനിൽ ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യംഉറപ്പാക്കുന്നതിന് ഈ വിഭാഗക്കാർക്ക്മെഡിക്കൽസർട്ടിഫിക്കറ്റ്ലഭ്യമാക്കുന്നതിന് ആഴ്ചയിൽഒരുദിവസംഅടൂർ ജനറൽആശുപത്രിയിലും, റാന്നിതാലൂക്ക്ആശുപത്രിയിൽഎല്ലാചൊവ്വ, വ്യാഴംദിവസങ്ങളിലും, തിരുവല്ലതാലൂക്ക്ആശുപത്രിയിൽഎല്ലാവെള്ളിയാഴ്ചകളിലുംമെഡിക്കൽബോർഡ്കൂടുന്നു ന്ന

വിവരവുംപത്തനംതിട്ട ജനറൽആശുപത്രിയിൽ നിലവിലുള്ളഎല്ലാ അപേക്ഷകളും പ്രത്യേകം ക്യാമ്പ് നടത്തി ഈ മാസം 16 ന് മുൻപായിതീർപ്പാക്കുന്നതിന് ആശുപത്രിസൂപ്ര ിന് നിർദ്ദേശം നൽകിയിട്ടുെ ന്നുംജില്ലാമെഡിക്കൽഓഫീസർഅറിയിച്ചു. ഭിന്നശേഷിസർട്ടിഫിക്കറ്റ്ആവശ്യമായ ഭിന്നശേഷിക്കാർആശുപത്രികളിൽഹാജരായിമെഡിക്കൽസർട്ടിഫിക്കറ്റ്കരസ്ഥമാക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയാക്കണമെന്ന്ജില്ലാസാമൂഹ്യനീതിഓഫീസർഅറിയിച്ചു. കൂടുതൽവിവരങ്ങൾക്ക്ജില്ലാസാമൂഹ്യനീതിഓഫീസുമായി ബന്ധപ്പെടാം. ഫോൺ–0468 2325168.

(നിയമസഭാ 101/21)

**ടെലിവിഷൻജേർണലിസം;**
**കെൽട്രോൺ അപേക്ഷ ക്ഷണിച്ചു**

കെൽട്രോൺ നടത്തുന്ന ടെലിവിഷൻ ജേണലിസംകോഴ്സിന്റെ 2020 –2021 ബാച്ചിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഏതെങ്കിലുംവിഷയത്തിൽ ബിരുദം നേടിയയുവതീയുവാക്കൾക്ക് അപേക്ഷിക്കാം. പ്രായ പരിധി 30 വയസ്. മാധ്യമസ്ഥാപനങ്ങളിൽ പരിശീലനം, ഇന്റേൺഷിപ്, പ്ലേസ് മെന്റ്സഹായംഎന്നിവ പഠനസമയത്ത് നിബന്ധനകൾക്ക്വിധേയമായിലഭിക്കും. പ്രിന്റ്ജേണലിസം, ഓൺലൈൻ ജേണലിസം, മൊബൈൽജേണലിസംഎന്നിവയിലും പരിശീലനം ലഭിക്കും. വിദ്യാഭ്യാസയോഗ്യതതെളിയിക്കുന്ന രേഖകളുമായികോഴിക്കോട്കെൽട്രോൺ നോളേജ്സെന്ററിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാം. ksg.keltron.inഎന്ന വെബ്സൈറ്റിലും അപേക്ഷാ ഫോംലഭിക്കും. കേരളസ്റ്റേറ്റ്ഇലകട്രോണിക്സ്ഡവലപമെന്റ്കോർപറേഷൻ ലിമിറ്റഡ് എന്ന പേരിൽ എന്ന പേരിൽതിരുവനന്തപുരത്ത്മാറാവുന്ന 200 രൂപയുടെഡി.ഡിസഹിതം പൂരിപ്പിച്ച അപേക്ഷകൾ മാർച്ച് 28 നകംലഭിക്കണം.

വിലാസം: കെൽട്രോൺ നോളേജ്സെന്റർ, തേഡ് ഫ്ളോർ,അംബേദ്കർ ബിൽഡിംഗ്, റെയിൽവേസ്റ്റേഷൻ ലിങ്ക്റോഡ്,കോഴിക്കോട് 673002. വിശദവിവരങ്ങൾക്ക്ഫോൺ : 8137969292, 6238840883.

(പിഎൻപി 919/21)

**ജില്ലാസൈനികക്ഷേമഓഫീസ്; ടെലിഫോൺ നമ്പറിൽ മാറ്റം**

പത്തനംതിട്ട ജില്ലാസൈനികക്ഷേമഓഫീസ്ടെലിഫോൺ നമ്പർ 0468–2222104 ൽ നിന്നും 0468–2961104 എന്ന നമ്പറായി മാറിയെന്ന്ജില്ലാസൈനികക്ഷേമഓഫീസർഅറിയിച്ചു.

(പിഎൻപി 920/21)

**ജലസംരക്ഷണത്തിന് പ്രാദേശികതലത്തിൽ**
**ജലസഭകൾ അനിവാര്യം**

ഭൂജലവകുപ്പ് പത്തനംതിട്ട ജില്ലാഓഫീസിന്റെആഭിമുഖ്യത്തിൽജില്ലയിലെ പത്തനംതിട്ട, പന്തളംമുനിസിപ്പാലിറ്റികൾ, ഇലന്തൂർ, പറക്കോട്ബ്ലോക്ക് പഞ്ചായത്തുകൾഎന്നിവിടങ്ങളിലെ പുതുതായിതെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങളെകുറിച്ചും ഭൂജല സമ്പത്ത് ഫലപ്രദമായിവിനിയോഗിക്കുന്നതിനെകുറിച്ചുംസംരക്ഷിക്കേ തിന്റെആവശ്യകതയെക്കുറിച്ചുംബോധവത് ക്കരണസെമിനാറുകൾ നടത്തിവന്നതിന്റെ ഭാഗമായിഅടൂർമുനിസിപ്പാലിറ്റിയിൽസമാപന സെമിനാർ നട ത്തി.

സെമിനാറിൽജലവിഭവസംരക്ഷണത്തിന് പ്രാദേശികതലത്തിൽജലസഭകൾ നടത്തേ ത് അനിവാര്യമാണെന്നും പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ നിലവിലുള്ളഎല്ലാജലവിതരണ പദ്ധതികൾക്കും തിരിച്ചറിയൽ നമ്പർ നൽകിസംരക്ഷിക്കേ തുംആവശ്യമാണെന്നത്സംബന്ധിച്ച് ജനപ്രതിനിധികളെബോധവത്ക്കരിച്ചു.

(പിഎൻപി 921/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

## നിയമസഭാ തെരഞ്ഞെടുപ്പ്: ആദ്യ ദിനം പത്തനംതിട്ട ജില്ലയിൽ സമർപ്പിച്ചത് ഒരു പത്രിക

നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ആദ്യ ദിനം പത്തനംതിട്ട ജില്ലയിൽ സമർപ്പിച്ചത് ഒരു പത്രിക. അടൂർ നിയോജക മണ്ഡലത്തിലാണ് ഒരു സെറ്റ് പത്രിക സമർപ്പിച്ചത്. എസ്.യു.സി.ഐ സ്ഥാനാർത്ഥി ശരണ്യാ രാജാണ് റിട്ടേണിംഗ് ഓഫീസർ എസ്.ഹരികുമാർ മുമ്പാകെ പത്രിക സമർപ്പിച്ചത്. ആറന്മുള, തിരുവല്ല, കോന്നി, റാന്നി, അടൂർ എന്നിങ്ങനെ അഞ്ച് നിയോജക മണ്ഡലങ്ങളാണ് ജില്ലയിലുള്ളത്. (നിയമസഭാ 102/21)

## പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ പരിശീലനം 17ന് തുടങ്ങും

നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പത്തനംതിട്ട ജില്ലയിലെ പ്രിസൈഡിംഗ് ഓഫീസർമാർക്കും ഫസ്റ്റ് പോളിംഗ് ഓഫീസർമാർക്കുമുള്ള പരിശീലനം മാർച്ച് 17ന് തുടങ്ങും. രാവിലെ 9.30 മുതൽ ഉച്ചവരെയാണ് ആദ്യ നാലു ബാച്ചിന്റെയും പരിശീലനം. ഉച്ച കഴിഞ്ഞ് ര ു മുതൽ വൈകിട്ടു വരെ അടുത്ത നാലു ബാച്ചിന്റെയും പരിശീലനം നടക്കും. മണ്ഡല അടിസ്ഥാനത്തിൽ വിവിധ ഇടങ്ങളിലായാണ് പരിശീലനം.

ആറന്മുള നിയോജക മണ്ഡലത്തിലെ പരിശീലനം മാർച്ച് 17 മുതൽ 20 വരെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടക്കും. തിരുവല്ല നിയോജക മണ്ഡലത്തിലെ പരിശീലനം മാർച്ച് 17 മുതൽ 19 വരെ തിരുവല്ല ഡയറ്റ് ഹാളിൽ നടക്കും. റാന്നി നിയോജക മണ്ഡലത്തിലെ പരിശീലനം മാർച്ച് 17 മുതൽ 18 വരെ റാന്നി സിറ്റാഡൽ റസിഡൻഷ്യൽ സ്കൂളിൽ നടക്കും. കോന്നി നിയോജക മണ്ഡലത്തിലെ പരിശീലനം മാർച്ച് 17 മുതൽ 18 വരെ മരങ്ങാട് എസ്എൻ പബ്ലിക്ക് സ്കൂളിൽ നടക്കും. അടൂർ മണ്ഡലത്തിലെ പരിശീലനം മാർച്ച് 17 മുതൽ 19 വരെ അടൂർ ഓൾ സെയിന്റ് പബ്ലിക്ക് സ്കൂൾ ആൻഡ് ജൂനിയർ കോളജിൽ നടക്കും.

(നിയമസഭാ 103/21)

## പോളിംഗ് ഉദ്യോഗസ്ഥർക്കായുള്ള നിയമന ഉത്തരവുകളുടെ വിതരണം ആരംഭിച്ചു

ജില്ലയിലെ നിയമസഭാ തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കുള്ള നിയമന ഉത്തരവുകളുടെ വിതരണം ആരംഭിച്ചു. പോളിംഗ് ബൂത്തുകളിലേക്ക് ആവശ്യമായ പ്രിസൈഡിംഗ് ഓഫീസർമാർ, പോളിംഗ് ഓഫീസർമാർ എന്നിവർക്കായുള്ള നിയമന ഉത്തരവാണ് വിതരണം ചെയ്യുന്നത്. മാർച്ച് 10ന് ആദ്യ ഘട്ട റാൻഡമൈസേഷനിലൂടെ തിരഞ്ഞെടുക്കപ്പെട്ട 8272 പേർക്കുള്ള നിയമന ഉത്തരവുകളുടെ വിതരണമാണ് നടക്കുന്നത്. ഉത്തരവുകൾ അതത് വില്ലേജ് ഓഫീസുകളിൽ എത്തിച്ച് ഓരോ ഉദ്യോഗസ്ഥർക്കും സ്ഥാപനങ്ങളിൽ നിന്ന് ഉത്തരവ് ലഭ്യമാക്കും. പോളിംഗ് ബൂത്തിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥർക്ക് പുറമേ കരുതൽ ജീവനക്കാർ അടക്കമുള്ള ഉദ്യോഗസ്ഥർക്കായുള്ള നിയമന ഉത്തരവാണ് വിതരണം ചെയ്യുന്നത്.

മണ്ഡലം തിരിച്ചുള്ള പോളിംഗ് ഉദ്യോഗസ്ഥരുടെ സെക്കൻഡ് റാൻഡമൈസേഷൻ മാർച്ച് 23നാണ്. അവസാനഘട്ട റാൻഡമൈസേഷൻ ബൂത്ത് തലത്തിൽ ഏപ്രിൽ മൂന്നിന് നടക്കും.

(നിയമസഭാ 104/21)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.